# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2845 — 06/11/2019-ലെ അന്തിമ മറുപടി

## വാട്ടർ അതോറിറ്റിയിൽ ഒഴിവുള്ള തസ്തികകൾ

**ചോദ്യം**

ശ്രീ. എൽദോ എബ്രഹാം

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയാണെന്ന് തസ്തിക, എണ്ണം തിരിച്ച് അറിയിക്കാമോ;

**മറുപടി**

കെ. കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയിൽ നേരിട്ട് നിയമനം നൽകുന്ന തസ്തികകളുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ | 2 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 21 |
| 3 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I | 26 |
| 4 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II | 66 |
| 5 | സർവ്വേയർ ഗ്രേഡ്-II | 48 |
| 6 | ലോവർ ഡിവിഷൻ ക്ലാർക്ക് | 231 |
| 7 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 59 |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II | 2 |
| 9 | സാനിട്ടറി കെമിസ്റ്റ് | 1 |
| 10 | ഓവർസീയർ ഗ്രേഡ്-III | 290 |
| 11 | ഓപ്പറേറ്റർ | 127 |
| 12 | മീറ്റർ റീഡർ | 14 |
| 13 | ഡ്രൈവർ | 10 |
| 14 | ഓഫീസ് അറ്റൻഡന്റ് | 116 |
| 15 | വാച്ച്മാൻ | 116 |
| 16 | ലസ്കർ | 63 |
| 17 | പ്ലംബർ | 8 |
| 18 | ഫിറ്റർ | 18 |
| 19 | വർക്കർ | 12 |
| 20 | അൺസ്കിൽഡ് വർക്കർ | 13 |

പ്രമോഷൻ വഴി നിയമനം നടത്തുന്ന തസ്തികകളുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 |
| 2 | സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ | 2 |
| 3 | അപ്പർ ഡിവിഷൻ ക്ലാർക്ക് | 63 |
| 4 | ഹെഡ് ക്ലാർക്ക് | 5 |
| 5 | ജൂനിയർ സൂപ്രണ്ട് | 32 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 |
| 7 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 |

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലിവിൽ ഉള്ളത് ഏതിനൊക്കെയെന്നും ലിസ്റ്റിന്റെ കാലാവധി എന്നുവരെ ആണെന്നും അറിയിക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ നേരിട്ട് നിയമനം നൽകുന്നവയിൽ റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | തസ്തിക | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി |
|---|---|---|
| 1. | അസിസ്റ്റന്റ് എഞ്ചിനീയർ | 21/03/2017 |
| 2. | സർവ്വേയർ ഗ്രേഡ്-II | 03/10/2019 |
| 3. | പ്ലംബർ | 01/01/2019 |
| 4. | ഫിറ്റർ | 19/9/2019 |

റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധിയായ 3 വർഷം പൂർത്തിയാക്കുന്നതുവരെയോ ടി തസ്തികയ്ക്കായി പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെയായിരിക്കും റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(സി) റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവുകൾ നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 20/11/2017-ലെ WP(C) No. 37132/2017 (N) മേലുള്ള വിധിന്യായത്തിൽ ഉത്തരവായിട്ടുണ്ട്.

Renuka Sankar

സെക്ഷൻ ഓഫീസർ